**Desabhimani**

**31 August 2018**

**Thiruvananthapuram, Rebuild Kerala, Unity**



# ഒരുമയും കൂട്ടായ്മയും പുനർനിർമാണത്തിലും ഉണ്ടാകണം: സ്പീക്കർ

തിരുവനന്തപുരം

രക്ഷാ ദുരിതാശ്വാസപ്രവർത്തനങ്ങളിലുണ്ടായ ഒരുമയും കൂട്ടായ്മയും കേരളത്തിന്റെ പുനർനിർമാണത്തിലും ഉണ്ടാകണമെന്ന് സ്പീക്കർ പി ശ്രീരാമകൃഷ്ണൻ പറഞ്ഞു. ജലദുരന്തത്തിന്റെ അനുഭവത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടാകണം തുടർനടപടികൾ. കേരളം ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളിലും പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. രക്ഷാ ദുരിതാശ്വാസ പ്രവർത്തനത്തിലും ഏകോപനത്തിലും ലോകത്തെ വിസ്മയിപ്പിച്ചിരിക്കുകയാണ് നാം. ലോകത്തിന്റെ സ്നേഹവായ്പുകൾ വലിയതോതിൽ എത്തുകയാണ്. പുതിയ കേരളം സൃഷ്ടിക്കാൻ ഇവയെല്ലാം കരുത്താകുമെന്നും സ്പീക്കർ നിയമസഭയിൽ പറഞ്ഞു.